**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2290** **30-07-2021 - ൽ മറുപടിയ്ക്ക്**

**പുനർ ഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പുനർ ഗേഹം പദ്ധതി പ്രകാരം വീട് മാറിതാമസിക്കുന്നതിലേക്കായി കൊയിലാണ്ടി മണ്ഡലം പരിധിയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നറിയിക്കുമോ; | (എ) | കൊയിലാണ്ടി aമണ്ഡലം പരിധിയിൽ നിന്നും 95 അപേക്ഷകൾ ലഭിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത അപേക്ഷയിന്മേൽ എത്രപേർക്ക് പണം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | രജിസ്ട്രേഷൻ നടപടി പൂർത്തീകരിച്ച 12 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 5 പേർ ഭൂമിയും വീടും വാങ്ങിയവരും 7 പേർക്ക് ഭൂമി വാങ്ങുന്നതിനും അതിൽ ഒരാൾക്ക് ഭവന നിർമ്മാണത്തിന്റെ ആദ്യ ഗഡു സഹായവും നൽകിയിട്ടുണ്ട്. |
| (സി) | എത്ര പേരുടെ അപേക്ഷയാണ് പണം അനുവദിക്കാനാവാതെ തീർപ്പാവാതിരിക്കുന്നത്; ആയതിന് തടസ്സങ്ങളുണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | 83 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധന നടത്തി ധനസഹായം അനുവദിക്കുന്നതാണ്. |
| (ഡി) | ആവശ്യത്തിന് ഭൂമി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുട്ടത്തറ ഫ്ലാറ്റ് മാതൃകയിൽ ഫിഷറീസ് വകുപ്പ് തന്നെ ഭൂമി ഏറ്റെടുത്ത് ഈ പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഉണ്ട് . ഭൂമി ലഭ്യമാകുന്ന മുറക്കും ഫ്ളാറ്റിലേക്ക് മാറി താമസിക്കുന്നതിന് ഗുണഭോക്താക്കൾ സന്നദ്ധത അറിയിക്കുന്ന മുറയ്ക്കും ഫ്ളാറ്റ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ